ഉത്തരം

വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ആലുവ മുൻസിഫ് കോടതിയിൽ കേസ് നിലവിലുണ്ട്. (O.S 25/2013). ടി കേസിൽ കക്ഷിയായ റവന്യൂ വകുപ്പ് വസ്തുതവിവര പത്രിക (Statement of Facts) സമർപ്പിച്ചിട്ടുണ്ട്. കേസ് തീർപ്പായിട്ടില്ല.

വൈപ്പിൻ മണ്ഡലത്തിലെ വികസന പ്രവൃത്തികൾ

250 (4882) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ചിട്ടും വൈപ്പിൻ മണ്ഡലത്തിൽ ഇതുവരെയും ആരംഭിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(ബി) നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) എഗ്രിമെന്റ് പ്രകാരമുള്ള സമയ പരിധിയിൽ നിന്നും സമയം ദീർഘിപ്പിച്ച് നൽകുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആരെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈപ്പിൻ പള്ളിപ്പുറം റോഡിലെ കാന നിർമ്മാണം, കൈമൾചിറ റോഡിന്റെ ഉപരിതലം പുതുക്കൽ, എളംകുന്നപ്പുഴ കിഴക്കേആറാട്ടുവഴി-കുരുത്തോടം റോഡിന്റെ ഉപരിതലം പുതുക്കൽ, കാട്ടുങ്ങൽ-അടപ്പുറോഡിന്റെ ഉപരിതലം പുതുക്കൽ എന്നീ പ്രവൃത്തികൾ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്തവയാണ്.

(ബി) നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ ഉടമ്പടി പ്രകാരമുള്ള പിഴയീടാക്കുന്നതാണ്. കൂടാതെ റിസ്ക് & കോസ്റ്റിൽ ഉൾപ്പെടുത്തി ടെർമിനേറ്റ് ചെയ്യാനും വ്യവസ്ഥയുണ്ട്.

(സി) എഗ്രിമെന്റ് പ്രകാരമുള്ള സമയപരിധിയിൽ നിന്നും സമയം ദീർഘിപ്പിച്ച് നൽകുന്നതിന് ഉത്തരവാദപ്പെട്ടിട്ടുള്ളത് എഗ്രിമെന്റിൽ ഒപ്പ് വച്ചിട്ടുള്ള ഉദ്യോഗസ്ഥനാണ്.

പള്ളിമൺ പാലത്തിന്റെ നിർമ്മാണം

251 (4883) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടാവസ്ഥയിലുള്ള പള്ളിമൺ പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ ഭരണാനുമതി നൽകാനുള്ള നടപടികൾ അടിയന്തരമായി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പുതിയ പാലം നിർമ്മിക്കുന്നതിന് വേണ്ടി 230 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു. പുതുക്കിയ ഷെഡ്യൂളിൽ 2015-16 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

റെയിൽവേ മേൽപ്പാലം പണിയുന്നതിന് നടപടി

252 (4884) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-പൊള്ളാച്ചി ഗേജ് മാറ്റം പണി പൂർത്തീകരണ ഘട്ടത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ പണികൾ പൂർത്തീകരിക്കുന്നതോടെ കൊല്ലങ്കോട്-പാലക്കാട് റൂട്ടിലെ റോഡു ഗതാഗതത്തിന് വലിയതോതിൽ തടസ്സം ഉണ്ടാവുമെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ഗതാഗത തടസ്സം നീക്കുന്നതിനായി ഊട്ടറയിൽ റെയിൽവേ മേൽപ്പാലം പണിയുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഊട്ടറയിൽ റെയിൽവേ മേൽപ്പാലം പണിയുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല

(സി&ഡി) ഊട്ടറയിൽ ഗുരുതരമായ ഗതാഗത് തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ റെയിൽവേ മേൽപ്പാലം പണിയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

ധർമ്മടം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികൾ

253 (4885) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ധർമ്മടം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly